(ഇ-ജി) അനുബന്ധം 1-ൽ പട്ടിക രൂപത്തിൽ ചേർത്തിട്ടുണ്ട്.*

(എച്ച്) നിലവിലുള്ള സംവരണതത്വം അനുസരിച്ച് പട്ടികജാതി-പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് അർഹമായ സീറ്റുകൾ എൻട്രൻസ് കമ്മീഷണർ നടത്തുന്ന അഡ്മിഷൻ നടപടികളിലൂടെ അവർക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പിന്നോക്ക-പട്ടിക വിഭാഗ ക്ഷേമ വകുപ്പിന് അനുവദിക്കുന്ന തുക ലാപ്സാകുന്ന സ്ഥിതി

96 (1784) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പിൽ വർഷം തോറും അനുവദിക്കുന്ന ഫണ്ടിൽ ധാരാളം തുക ലാപ്സാകുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി ഓരോ വർഷവും വകയിരുത്തുന്ന തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിയാതെ വരുന്നതിന്റെ പ്രധാനകാരണം ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പദ്ധതി വിഹിതം ട്രഷറികളിൽ നിന്നും മാറി ലഭിക്കുന്നതിനുള്ള നിയന്ത്രണമാണ്. കൂടാതെ പട്ടികവർഗ്ഗ വികസനത്തിന്റെ പ്രധാന പദ്ധതികളായ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും നിർമ്മാണ പ്രവർത്തനത്തിനുള്ള തുക വകയിരുത്തിയിരിക്കുന്നത് പൊതുമരാമത്ത് വകുപ്പ് വർക്സ് ബഡ്ജറ്റിലാണ്. നിർമ്മാണപ്രവർത്തനങ്ങളുടെ പുരോഗതി വളരെ സാവധാനത്തിൽ ആയതിനാൽ ഈ ശീർഷകങ്ങളിലെ ചെലവും താരതമ്യേന കുറവാണ്. ഇത് പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിന്റെ മൊത്ത ചെലവിനത്തെ കുറച്ചു കാണിക്കുന്നു.

(ബി) പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പിന്നോക്ക ക്ഷേമത്തിനായി വകുപ്പ്

97 (1786) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക ക്ഷേമവകുപ്പ് എന്ന നിലയിൽ ഒരു വകുപ്പ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ആ വകുപ്പിന്റെ ഭരണസംവിധാനം എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

കാസർഗോഡ് ജില്ലയിലെ മറാഠി വിഭാഗത്തെ പട്ടികവർഗ്ഗത്തിൽ നിന്ന് ഒഴിവാക്കിയ നടപടി

98 (1787) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നോട്ടിഫിക്കേഷൻ പ്രകാരം കാസർഗോഡ് ജില്ലയിലെ മറാഠി വിഭാഗത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ ;

(ബി) ഒഴിവാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത സമുദായത്തെ ഇപ്പോൾ ഏതു ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ;

(സി) മേൽപ്പറഞ്ഞ പുതിയ നോട്ടിഫിക്കേഷൻ വരുന്നതിനുമുമ്പ് ആനുകൂല്യങ്ങൾ വാങ്ങി പഠനം തുടരുന്ന വിദ്യാർത്ഥികളുടെ കാര്യത്തിൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സമുദായത്തിലെ ഭൂരിഭാഗം വിദ്യാർത്ഥികളുള്ള ജില്ലയിലെ മാലക്കല്ല്, പാണ്ടിനഗർ സ്ഥലങ്ങളിലെ ഹോസ്റ്റലുകൾ എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഒഴിവാക്കിയിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്ക് ഒഴികെയുള്ള പ്രദേശത്ത് മറാഠി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിലുൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കാസർഗോഡ് താലൂക്കിലെ മറാഠി സമുദായക്കാരെ ഒരു ലിസ്റ്റിലും ഉൾപ്പെടുത്തിയിട്ടില്ല.

(സി) കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷൻ വന്നശേഷം സംസ്ഥാന സർക്കാരിന് നിയമപരമായി ഒന്നും ചെയ്യാൻ കഴിയുകയില്ല.

(ഡി) ഈ ഹോസ്റ്റലുകളിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട മറ്റു സമുദായങ്ങളിലെ കുട്ടികളെ പ്രവേശിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly